ഉത്തരം

(എ,ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

21.12.2000-ത്തിലെ താഴെ കാണുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

504, 505, 509, 510, 512, 515, 521, 523, 532, 535, 536, 538, 539, 542, 544, 545, 547, 549, 550, 551, 553, 557, മുതൽ 564 വരെ, 571 മുതൽ 577 വരെ, 579, 582 മുതൽ 594 വരെ, 597, 598 മുതൽ 644 വരെ, 646 മുതൽ 659 വരെ, 661, 663, 666, 667, 668, 670, 674, 675, 676, 678, മുതൽ 692 വരെ, 694 മുതൽ 697 വരെ, 699 മുതൽ 705 വരെ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 A.M.]

മി.സ്പീക്കർ : ഓർഡർ, ഓർഡർ. ഇന്ന് അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് രണ്ട് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി ട്രാൻസാക്ഷന്റെ സ്തംഭനാവസ്ഥയെ സംബന്ധിച്ച് ശ്രീ. കെ.എം. മാണിയുടേത് ഒന്ന്. രണ്ടാമത്തേത് ശ്രീ.കെ.സി.ജോസഫ് നൽകിയിട്ടുള്ള സ്നേക്ക് പാർക്കിനെ സംബന്ധിച്ചുള്ളതാണ്. ഇതിൽ സാമ്പത്തികത്തിന്റെ കാര്യത്തിൽ ഞാൻ പരിശോധിച്ചപ്പോൾ ഈ സഭയിൽ പലപ്പോഴും ഉണ്ടായിട്ടുള്ള, ഉന്നയിക്കപ്പെട്ടിട്ടുള്ള ഒരു പ്രശ്നമാണത്. ഞാൻ അതിന്റെ സാങ്കേതികമായ കാര്യമാണ് പറയുന്നത് വിഷയമല്ല. നിയമസഭയിൽ ഒരു വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ, അന്ന് അടിയന്തിര പ്രമേയത്തിനും അതുപോലുള്ള കാര്യങ്ങൾക്കും പ്രസക്തിയുണ്ടോ എന്ന വിഷയം സമയമില്ല എങ്കിൽപ്പോലും ഞാനത് പരിശോധിച്ചപ്പോൾ 1970-72 മുതൽ ഇതേ സമാന സ്വഭാവത്തിലുള്ള കാര്യങ്ങൾ, ഈ കാലത്ത് വന്നോ എന്ന് എനിക്കറിയില്ല. വന്നിട്ടുണ്ട്. ഇതിനു മുൻകാലത്തും വന്നിട്ടുണ്ട്. ഒട്ടേറെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. റൂളിംഗുകളിൽ ഒന്ന് ഞാൻ വായിക്കാം. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടിമാത്രം. 1972-ലെ റൂളിംഗാണിത്. "It is the convention of this House that on days when Financial Business is on the agenda, Adjournment Motions and Call Attention notices are not ordinarly taken up, for the reason that there would be ample opportunities to discuss these matters which are sought to be raised by means of them". എന്നു തുടങ്ങുന്നതാണ് ആ റൂളിംഗ്. അങ്ങനെ ഓരോ സ്പീക്കർമാരുടേയും റൂളിംഗുകളുണ്ട്. നമ്മുടെ സഭയിലുമുണ്ട്. സാമ്പത്തികമാണ് വിഷയം. സാമ്പത്തികമാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്നലെ ചർച്ച ചെയ്തു, ഇന്ന് ചർച്ച ചെയ്യുന്നു. ഞാൻ പഴയ റൂളിംഗുകൾ ആവർത്തിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ ഒരു സംഗതിയുണ്ട്. സാധാരണ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്ന കാര്യത്തിൽ ഈ സഭയുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും ലിബറലായിട്ട് അനുവദിച്ചിട്ടുള്ള ഒരു സന്ദർഭമാണ്. അത് ആർക്കും നിഷേധിക്കാൻ പറ്റില്ല. ഞാൻ ഒരു അവകാശവാദത്തിലേയ്ക്ക് കടക്കുന്നില്ല. അതാണ് അതിന്റെ ഒരുവശം. പക്ഷേ ഞാൻ അത് മെൻഷൻ ചെയ്യാതെ പോകുന്നില്ല. മെൻഷൻ ചെയ്തു. അത് കൊണ്ടുവന്നതിന്റെ ഗൗരവം വച്ച് മെൻഷൻ ചെയ്തു. അല്ലെങ്കിൽ മെൻഷൻ ചെയ്യാതെ തന്നെ പോകാമായിരുന്നു. സ്നേക്ക് പാർക്കിന്റെ വിഷയം ഞാൻ പറഞ്ഞല്ലോ. ഇത് വന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്നലെ ആ

LIBRARY ARCHIVES Kerala Legislative Assembly

വിഷയം ഇവിടെ വന്നു. ശ്രീ.കെ.സി. ജോസഫ് പറഞ്ഞല്ലോ..... അതിന് സമയവും സന്ദർഭവുമുണ്ട്. ശ്രീ. കെ.സി.ജോസഫാണ് ആദ്യമായിട്ട് ഒരു സബ്മിഷൻ എനിക്ക് തരുന്നത്. അന്നേ ദിവസം തന്നെ വൈകുന്നേരം ശ്രീ.എം. വി.ഗോവിന്ദൻ മാസ്റ്റർ ഒരു സബ്മിഷൻ തന്നു. രണ്ടു ദിവസം മുമ്പാണ്. അപ്പോൾ ഞാൻ ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്ററോട് പറഞ്ഞു. ശ്രീ.കെ.സി. ജോസഫിന്റെ സബ്മിഷനുണ്ട്. ഞാൻ കൊടുക്കുകയാണ്. ഇല്ല, പറ്റില്ല, എന്റെ കോൺസ്റ്റിറ്റുവൻസിയിലേതാണ് എന്നുപറഞ്ഞു.... അതിന് സമയവും സന്ദർഭവും ഉണ്ട്. അത് വേറെ കാര്യം. ഇന്നലെ ഇവിടെ ഉന്നയിക്കപ്പെട്ടു. ഉന്നയിച്ചതിന് മന്ത്രി മറുപടി പറഞ്ഞു. എന്നാലും ചെയർ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അതിൽ പരാമർശിക്കാത്തതായിട്ട് എന്തെങ്കിലും പോയിന്റ്സ് ഉണ്ടെങ്കിൽ അദ്ദേഹത്തിന് പരാമർശിക്കാനുള്ള അവസരം കൊടുക്കാം... സഹകരിക്കുക. എല്ലാം ചെയ്യാം. ചർച്ചയുടെ കാര്യമുണ്ടോ ശ്രീ.ജി. കാർത്തികേയൻ?

ശ്രീ.ജി.കാർത്തികേയൻ : സർ, അങ്ങയുടെ റൂളിംഗിനെയൊന്നും ചോദ്യം ചെയ്യുന്നില്ല. ഒരുപാട് പുതിയ തുടക്കങ്ങൾ ഉണ്ടാക്കിയിട്ടുള്ള സഭയാണിത്. 1972-ലെ റൂളിംഗുകൾ അങ്ങ് കോട്ട് ചെയ്തു. അന്ന് ആ റൂളിംഗ് നടത്തിയ സ്ഥലത്തുള്ള സാമ്പത്തികമായ അവസ്ഥയാണോ ഇന്ന് കേരളത്തിൽ? സാമ്പത്തികമായി കേരളം ഇന്ന് ഒരു കത്തുന്ന പുരയായി മാറിയിരിക്കുകയാണ്. ഇന്നലെ ചർച്ച ചെയ്തുവെങ്കിലും ഇന്ന് ചർച്ച വരുന്നുവെങ്കിൽ പോലും സ്പെസിഫിക്കായിട്ട് സാമ്പത്തികമേഖല നേരിടുന്ന വൻ ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള...

മി.സ്പീക്കർ : ഇത് ചർച്ച മാത്രമല്ല, ഇന്നലേയും ഇന്നും ഉള്ളത് വെറും ചർച്ച മാത്രമല്ല. വോട്ടിംഗ് വരെയുണ്ട്. സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനും വോട്ട് ചെയ്ത് പരാജയപ്പെടുത്താനുള്ള അവസരംവരെയുണ്ട്. പാർലമെന്റിൽപ്പോലും ഇല്ലാത്തതാണ്.

ശ്രീ.ജി.കാർത്തികേയൻ : കേരളത്തിന്റെ ട്രഷറി ട്രാൻസാക്ഷൻ കംപ്ളീറ്റ് നിന്നിരിക്കുകയാണ്. ഇതിലേറെ എന്തെങ്കിലും ഗുരുതരാവസ്ഥ ഉണ്ടായിട്ടുണ്ടോ? കംപ്ളീറ്റ് സ്തംഭിച്ചിരിക്കുകയാണ്. ട്രഷറിയിൽ രണ്ട് ഡോറുകൾ തുറന്നുവച്ചിരിക്കുന്നുവെന്നേയുള്ളൂ.

മി.സ്പീക്കർ : ശ്രീ.ജി.കാർത്തികേയൻ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ അതിന് ആംപിൾ ഓപ്പർച്ച്യൂണിറ്റീസ് ഉണ്ടെന്നു മാത്രമല്ല നിങ്ങൾക്കത് പ്രസ് ചെയ്യാനും വോട്ട് ചെയ്ത് പരാജയപ്പെടുത്താനുമുള്ള അവസരം വരെ ഇന്ന് സഭയിലുണ്ട്.

ശ്രീ.ജി.കാർത്തികേയൻ : സർ, ഈ വിഷയത്തിന്റെ ഗൗരവം....

മി.സ്പീക്കർ : അതുകൊണ്ടാണ് ഞാൻ ഒരു ആർഗ്യൂമെന്റ് നേടുകയോ ഒന്നുമല്ല.

ശ്രീ.ജി.കാർത്തികേയൻ : സർ, പറശ്ശിനിക്കടവിലേത്...

മി.സ്പീക്കർ : അത് ഞാൻ പറഞ്ഞല്ലോ. അതിനോട് ഞാൻ പ്രതികരിച്ചല്ലോ.

ശ്രീ.കെ.എം.മാണി : സർ, ഇങ്ങനെ ഒരു വിഷയത്തെ വളരെ സാങ്കേതികമായി ചിന്തിക്കരുത്. എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്. ഞങ്ങൾ അങ്ങയുടെ റൂളിംഗിനെ മാനിക്കുന്നു. പക്ഷേ ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ട്രഷറി സ്തംഭിച്ചിരിക്കുന്നു. ഇത് അടിയന്തിര പ്രമേയം എന്നുള്ള നിലയിൽ ചർച്ച ചെയ്യേണ്ടഒരു വിഷയമാണ്. അതുകൊണ്ട് അങ്ങ് ദയവായിട്ട് അത് അനുവദിക്കണം.

മി.സ്പീക്കർ : ഞാൻ പറയാം. അതിന്റെ സാങ്കേതികമായ വശം.... അങ്ങ് ഉന്നയിച്ച കാര്യം എന്നെയാണെങ്കിലും ഇന്നലെ വന്നു. ഇന്നലെ സഭ പിരിഞ്ഞതിനുശേഷം അസാധാരണമായിട്ടുള്ള ട്രഷറി പൂട്ടലോ മറ്റോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഉന്നയിക്കാൻ ഇന്ന് അവസരമുണ്ട്. ഞാൻ പറയുന്നത്, ചെയറിന്റെ ജോലി എന്താണ്? അവസരം നൽകുക എന്നതാണ്. ചെയറിന്റെ ജോലി അവസരം നൽകുക എന്നതാണ്. അതിനെ തടയാൻ ആർക്കും ഒരു അവകാശവുമില്ല. ഈ കാര്യത്തിൽ ഞാൻ വളരെ വളരെ തറപ്പിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. അവസരം നൽകും. അവസരമുണ്ട്. അതുമാത്രമേയുള്ളൂ. ഇനി റൂൾ 62.

II. ശ്രദ്ധക്ഷണിക്കൽ

(1) വിശ്വകർമ്മ സമുദായത്തിന്റെ ഉന്നമനത്തിനായി സ്വീകരിക്കേണ്ട നടപടികൾ

ശ്രീ.എം.മുരളി : സർ, കേരളത്തിലെ ജനസംഖ്യയുടെ 12 ശതമാനം വരുന്ന പരമ്പരാഗത കൈത്തൊഴിലാളികളായ വിശ്വകർമ്മജരുടെ ജീവൽപ്രധാനങ്ങളായ ആവശ്യങ്ങളിലേയ്ക്കാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. അഖില കേരള വിശ്വകർമ്മ മഹാസഭയുടെ നേതൃത്വത്തിൽ ഈ ജനവിഭാഗം ഇന്ന് ഒരു സമരപാതയിലാണ്. 5 മാസങ്ങൾക്കുമുമ്പ് അവർ പതിനായിരങ്ങളെ അണിനിരത്തിക്കൊണ്ട് ഒരു സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുമുമ്പ് കേരളത്തിലെ കളക്ടറേറ്റുകളിലേയ്ക്ക് ആയിരക്കണക്കിന് വിശ്വകർമ്മജർ മാർച്ച് നടത്തുകയുണ്ടായി. അവർ ഏറ്റവും പ്രധാനമായി ഉന്നയിക്കുന്ന ഒരു ആവശ്യം വിവിധ വിഭാഗങ്ങളിൽപ്പെട്ട വിശ്വകർമ്മജരെ പരമ്പരാഗത കൈത്തൊഴിലാളികളായി അംഗീകരിക്കണം എന്നുള്ള ആവശ്യമാണ്. അത് കാലാകാലങ്ങളിലായി വിശ്വകർമ്മ സമുദായം മുന്നോട്ടു വച്ചിരിക്കുന്ന ആവശ്യമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലൊന്നും അത് സ്വീകരിക്കപ്പെട്ടില്ല. ഇന്ന് ഈ ആവശ്യത്തിന് കൂടുതൽ പ്രസക്തിയുണ്ട്. ഇപ്പോഴത്തെ പ്രസക്തി എന്തെന്ന് ചോദിച്ചാൽ ക്രീമിലെയർ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചപ്പോൾ ആ കമ്മിഷൻ നടത്തിയ പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിൽ വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ഉപവിഭാഗങ്ങളായ പരമ്പരാഗത കൈത്തൊഴിലാളികളായ ബ്ളാക്ക്സ്മിത്ത്, ഗോൾഡ് സ്മിത്ത്, കാർപെന്റർ, മേസൺ, ബ്രോൺസ് സ്മിത്ത്, കോപ്പർ സ്മിത്ത്.... (ആ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽത്തന്നെ പറയുകയാണ്) തുടങ്ങിയ വിഭാഗങ്ങളെ മേൽത്തട്ടിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ച വിഭാഗങ്ങളെ മേൽത്തട്ടിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ നിഗ

LIBRARY ARCHIVES Kerala Legislative Assembly